ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ: ചോദ്യോത്തര സമയത്തിനുമുമ്പുള്ള കാര്യമാണു്. ഇപ്പോഴാണു് അതു പറയേണ്ടതു്. സർ, ഇവിടെ ടേപ്പു റിക്കാർഡിംഗ് സമ്പ്രദായം ഏർപ്പെടുത്തേണ്ടതാണു്.

ശ്രീമതി കെ. ആർ. ഗൗരി: ചോദ്യോത്തര സമയം കഴിഞ്ഞതിനുശേഷം മെമ്പറന്മാർക്കു് ആവശ്യമുള്ള കാര്യങ്ങളും ഉന്നയിക്കാവുന്നതാണു്.

2. QUESTIONS AND ANSWERS

(i) ORAL ANSWER

കേന്ദ്രം കേരളത്തിനു നൽകിയ അരിയും ഗോതമ്പും

* 216 [772] ശ്രീ. കെ. എം ജോർജ്ജ്: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ഗതാഗത മന്ത്രി സദയം മറുപടി നൽകുമോ:

(എ) 1969 ജൂലൈ, ആഗസ്റ്റു്, സെപ്തംബർ മാസങ്ങളിൽ കേന്ദ്രം കേരളത്തിനു എത്ര അരിയും ഗോതമ്പും എത്തിച്ചു തന്നു;

(ബി) ഇപ്രകാരം എത്തിച്ചുതന്നതു് ഈ കാലത്തേക്കു വാഗ്ദാനം ചെയ്തതിൽ കൂടുതലാണോ, കുറവാണോ;

(സി) റേഷൻ അരിയുടെ അളവു കുറയ്ക്കുവാൻ ഗവണ്മെന്റു് ആലോചിക്കുന്നുണ്ടോ ?

ഗതാഗതമന്ത്രി (ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ):

(എ) 1969 ജൂലൈ, ആഗസ്റ്റു്, സെപ്തംബർ എന്നീ മാസങ്ങളിൽ കേന്ദ്രം തന്ന അരിയുടെ കണക്കുകൾ താഴെ പറയും പ്രകാരമാണു്.

1969 ജൂലൈ മാസത്തിൽ 62,449 ടൺ.
1969 ആഗസ്റ്റു് മാസത്തിൽ 86,953 ടൺ.
1969 ഒക്ടോബർ 25-ാം തീയതി വരെ 62,021 ടൺ.

മേൽപ്പറഞ്ഞ ഓരോമാസത്തിലും 15,300 ടൺ ഗോതമ്പു വീതം വിഹിതമായി നൽകിയിട്ടുണ്ടു്.

(ബി) ഈ കാലത്തേയ്ക്കു് കേന്ദ്രം കേരളത്തിനു അരിയുടെ പ്രതിമാസ അലോട്ടുമെന്റു വാഗ്ദാനം ചെയ്തിട്ടില്ല. ഗോതമ്പു് കേന്ദ്രം അലോട്ടു ചെയ്യുന്നതനുസരിച്ചു ലഭിക്കുന്നുണ്ടു്.

(സി) റേഷൻ അരിയുടെ അളവു കുറയ്ക്കുവാൻ ഗവണ്മെന്റു ആലോചിക്കുന്നുണ്ടോ എന്നുള്ള ചോദ്യത്തിനു ഇപ്പോഴത്തെ സ്റ്റാക്കു നില കണക്കാക്കിയതിൽ അടുത്ത 18-10-1969 വരെ മുഴുവൻ റേഷൻ അതായതു് പ്രായപൂർത്തി വന്ന ഒരാളിനു പ്രതിദിനം 160 ഗ്രാം അരിയും 160 ഗ്രാം ഗോതമ്പും നൽകുന്നതിനു തീരുമാനിച്ചിട്ടുണ്ടു്.

ശ്രീ. കെ. എം. ജോർജ്ജ്: കേന്ദ്രത്തിൽ നിന്നും ഈ മൂന്നു മാസങ്ങളിലേയ്ക്കു് കിട്ടിയ അരി ഇനി വരാൻ പോകുന്ന മാസങ്ങളിലേയ്ക്കു് എത്ര കിട്ടുമെന്നു അറിയാതെ മുഴുവനും വിതരണം ചെയ്യുകയാണോ ചെയ്തതു്. ഇതിനുമുമ്പും അങ്ങനെയാണോ ചെയ്യാറുള്ളതു് ?

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ: ഇതിനുമുമ്പു ഇത്ര അലോട്ടു ചെയ്തിരിക്കുന്നു എന്നു കണക്കുകൾ പറയാറില്ല. ആകപ്പാടായിട്ടു തരുന്നതു മാത്രം പ്രസിദ്ധം

LIBRARY ARCHIVES Kerala Legislative Assembly

ചെയ്യുക എന്ന ഏർപ്പാടാണു് ഞാൻ വരുന്നതുവരെ അതായതു ഒരു കൊല്ലം മുമ്പുവരെ എടുത്തിരുന്നതു്. ഇപ്പോഴും അലോട്ടുമെൻറു ഇത്ര, വില ഇത്ര എന്നെല്ലാം ഇപ്പോഴും പത്രത്തിൽ പ്രസിദ്ധം ചെയ്യും. എന്നാൽ അത്രയും ഇവിടെ എത്തിച്ചേരുകയില്ല. അപ്പോഴാണു് എന്താണു് റേഷൻ കുറഞ്ഞതു്. ഇത്ര അലോട്ടുമെൻറുണ്ടല്ലൊ എന്നെല്ലാം ചോദിക്കുന്നതു്. ഞാൻ ഇതിൻെറ ചുമതല ഏറെടുത്തശേഷം കേന്ദ്രഗവണ്മെൻറിനെ അറിയിച്ചിട്ടുണ്ടു്, ഇത്ര അലോട്ടു ചെയ്യു എന്നു പറയുക, എത്ര കിട്ടി എന്നു പറയാതിരിക്കുക, ഇതിൽ കുഴപ്പം ഉണ്ടാകുമെന്നു്. എന്തോ കാരണവശാൽ ഒക്ടോബർ മാസത്തിനുശേഷം അലോട്ടുമെൻറിൻെറ കണക്കുകളും അയച്ചു തരാറില്ല.

ശ്രീ. കെ. എം. ജോർജ്ജു്: കേന്ദ്രം തരുന്ന അരി ഇത്രയ്ക്കു മോശപ്പെട്ടതാണോ ? അരി ഉണ്ണാൻ കൊള്ളുകയില്ല എന്നു മാത്രമല്ല അരി ഇരിക്കുന്ന വീടു പോലും നാറുന്ന സ്ഥിതിവിശേഷം ഉണ്ടു്. ഇതിനു കാരണം എന്താണു്?

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ: ഫുഡ്കാർപ്പറേഷൻ സപ്ലൈ ചെയ്തിട്ടുള്ള ബഹുഭൂരിപക്ഷം കാട്ടയും നല്ല അരിയാണു്. ആസ്ട്രയിൽ നിന്നും കൊണ്ടുവന്നിട്ടുള്ളതിൽ അല്പം കലർപ്പുള്ളതാണെന്നു അറിയുകയുണ്ടായി. അങ്ങനെ പരാതി വന്നപ്പോഴും പെട്ടെന്നു ആ സ്റ്റോക്കു അറസ്റ്റു ചെയ്തു വെയ്ക്കണമെന്നും അതു ഉപയോഗിക്കുവാൻ പാടില്ല എന്നും പറയുകയുണ്ടായി. ഇന്നലെ എൻെറ ഒരു സുഹൃത്തു ഈ നാറുന്ന അരി കൊണ്ടുവന്നു കാണിക്കുകയുണ്ടായി. അതു വിതരണം ചെയ്യാതിരിക്കുവാൻ വേണ്ട നടപടികളും സ്വീകരിച്ചിട്ടുണ്ടു്.

ശ്രീ. കെ. എം. ജോർജ്ജു്: ഈ രാജ്യത്തു ഈ നാറുന്ന അരി തുടർച്ചയായി വിതരണം ചെയ്യുന്ന പതിവു പണ്ടുമുതൽക്കേയുണ്ടു്. ഉദാഹരണമായി കോട്ടയം താലൂക്കിൽ വളരെ മാസങ്ങളായി ഇത്തരം നാറുന്ന അരിയാണു് വിതരണം ചെയ്യുന്നതു്. ഒന്നുകിൽ ഈ നാറുന്ന അരി വിതരണം ചെയ്യാതിരിക്കണം അഥവാ വിതരണം ചെയ്യുന്നെങ്കിൽ ഒരു സ്ഥലത്തു തന്നെ പതിവായി വിതരണം ചെയ്യാതെ എല്ലാ സ്ഥലത്തുമായി വിതരണം ചെയ്യാൻ ഏർപ്പാടു ചെയ്യുമോ ?

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ: എല്ലാസ്ഥലത്തും വിതരണം ചെയ്യണമെന്നുള്ള നിർദ്ദേശം സ്വീകരിക്കുവാൻ നിവൃത്തിയില്ല. ഒരു സ്ഥലത്തും ചീത്ത അരി വിതരണം ചെയ്യാൻ പാടില്ല. ചീത്ത അരി വിതരണം ചെയ്യുന്നതായി അറിഞ്ഞാൽ ആ സ്റ്റോക്കു് പിടിച്ചെടുക്കുന്നതാണു്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: ഇങ്ങനെ അറസ്റ്റു ചെയ്യപ്പെട്ട അരിയെ കോട്ടയത്തുള്ളവർ വല്ല വിധേനയും മോചിപ്പിച്ചു വിതരണം നടത്തിയതാണോ ?

മി. ഡെപ്യൂട്ടിസ്പീക്കർ: അതിനുത്തരം പറയണ്ടാ.

ശ്രീ. കെ. കരുണാകരൻ: ഈ ചീത്ത അരി വിതരണം ചെയ്യുമ്പോൾ രണ്ടു പ്രാവശ്യം രണ്ടു നിരക്കിലുള്ള വില ഈടാക്കിയതായി പരാതി ലഭിച്ചിട്ടുണ്ടോ?

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ: അങ്ങനെ പരാതിയൊന്നും ലഭിച്ചിട്ടില്ല.

ശ്രീ. ജി. ഗോപിനാഥൻ പിള്ള: ഗവണ്മെൻറിൻെറ പക്കൽ ഇപ്പോഴും എത്ര സ്റ്റോക്കുണ്ടെന്നു പറയാമോ ?

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ: രണ്ടു മാസം 160 ഗ്രാം എന്ന നിരക്കിനു കൊടുക്കുവാനുള്ളതു് ഗവണ്മെൻറിൻെറ കയ്യിൽ ഇല്ല. അതുകൊണ്ടു് 18-ാം തീയതി വരെ 160 ഗ്രാം വച്ചു കൊടുക്കുവാനും പിന്നീടു് വന്നു ചേരുകയാണെങ്കിൽ അതനുസരിച്ചുകൊടുക്കുവാനും അല്ലെങ്കിൽ നിങ്ങളുടെയെല്ലാം അറിവോടുകൂടി അതിൽ കുറച്ചു് കൊടുക്കുവാനുമാണു് തീരുമാനിച്ചിട്ടുള്ളതു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കെ. അബു: സ്വകാര്യവ്യക്തികൾക്ക് വാങ്ങാൻ അനുവാദം കൊടുക്കുകയാണെങ്കിൽ പാമ്പിന്റെ പല്ലിനേക്കാൾ നല്ല അരി വാങ്ങാൻ സാധിക്കുന്നതാണ്. നേപ്പാളിൽ നിന്നും വാങ്ങാവുന്നതാണ്. ഇൻഡ്യാ ഗവണ്മെന്റിനു വാങ്ങാൻ കഴിയും. ഇൻഡ്യാ ഗവണ്മെന്റു വാങ്ങുന്നില്ല എങ്കിൽ കേരള ഗവണ്മെന്റു വാങ്ങുന്നതിനെപ്പറ്റി ആലോചിക്കുമോ ?

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ: ഇൻഡ്യാ ഗവണ്മെന്റു നേപ്പാളിൽ നിന്നും വാങ്ങുന്ന കാര്യം അവർക്ക് ആലോചിക്കാവുന്നതാണ്. ഇൻഡ്യാ ഗവണ്മെന്റിന്റെ സമ്മതം കൂടാതെ നമുക്ക് വാങ്ങാൻ പാടില്ല. പക്ഷേ ഗവണ്മെന്റിനു ഫിക്സഡ് വാല്യു കൊടുക്കുന്നതുകൊണ്ടു എല്ലായിടത്തുമുള്ള കച്ചവടക്കാരുടെ മനോഭാവം അവിടത്തെ അരി ഉടമകൾക്കുമുണ്ട്. അതുകൊണ്ട് ആ സോഴ്സ് അടഞ്ഞിരിക്കുകയാണ്. മാക്കറിൽ വിതരണം ചെയ്യാനായി കുറെ കപ്പാട്ടാ വന്നിട്ടുണ്ട്.

ശ്രീ. വി. എസ്. അച്യുതാനന്ദൻ: നമുക്ക് കേന്ദ്രത്തിൽ നിന്നും അലോട്ട ചെയ്യുന്നതിന്റെ കണക്കും അയച്ചു തരുന്ന അരിയുടെ കണക്കും തമ്മിൽ പൊരുത്തക്കേടുണ്ടെന്നുള്ള ഒരു സൂചന ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയിൽ ഉള്ളതായി മനസ്സിലാകുന്നു. പ്രതിമാസം നമുക്ക് ഒരു നിശ്ചിത ടൺ അരി നല്കേണ്ടതുണ്ടെന്നും അങ്ങനെ നല്കേണ്ടതിൽ ചില മാസങ്ങളിൽ അതുയും നല്കിയിട്ടില്ലെന്നും, അതു മൂലം ഈ സംസ്ഥാനത്തു ചില കുഴപ്പങ്ങളും ഉണ്ടായിയെന്നും ആ നിലയിൽ നോക്കുമ്പോൾ നാലഞ്ചു ലക്ഷത്തോളം ടൺ അരി നമ്മുടെ സംസ്ഥാനത്തിനു കൂടിശ്ശികയായി കേന്ദ്രത്തിൽ നിന്നും തരാനുണ്ടെന്നും ഉള്ളതു ശരിയാണ്. എന്നാൽ ഇപ്പോൾ അങ്ങനെയില്ലെന്നാണോ ബഹുമാനപ്പെട്ടമന്ത്രിയുടെ മറുപടിയിൽ നിന്നും മനസ്സിലാക്കേണ്ടതു ? അതോ ഇനിയും കേരളത്തിനു അരി കൂടിശ്ശികയായി കേന്ദ്രത്തിൽ നിന്നും നൽകേണ്ടതുണ്ടോ ?

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ: മുൻ കാലങ്ങളിലെ കണക്കനുസരിച്ചു നമുക്ക് അലോട്ട ചെയ്തിട്ടുള്ള അരിയിൽ ഇനി ഒൻപതു ലക്ഷത്തോളം, അതിപ്പോൾ പത്തു ലക്ഷത്തോളമായിട്ടുണ്ട്, അരി ഈ ഗവണ്മെന്റു വന്നതിനുശേഷം കേന്ദ്രഗവണ്മെന്റു സപ്ലൈ ചെയ്തതായി കാണുന്നില്ല. നാലു അഞ്ചു ലക്ഷത്തോളം മാത്രമേ ഇവിടത്തേയ്ക്കു സപ്ലൈ ചെയ്തിട്ടുള്ള. ഇപ്പോൾ കഷ്ടിച്ചു ആറു ലക്ഷത്തോളം തരുന്നുണ്ട്. ഈ പരമാർത്ഥം എല്ലാവരും മനസ്സിലാക്കേണ്ടതാണ്.

ശ്രീ. ഒ. കോരൻ: കേരളഗവണ്മെന്റു ആവശ്യപ്പെട്ട അരി കേന്ദ്രഗവണ്മെന്റു നൽകുന്നുണ്ടെന്നു പാർലിമെന്റിൽ കേരള എം. പി. മാർ ചോദിച്ച ചോദ്യത്തിനുത്തരമായി പറഞ്ഞിട്ടുള്ളതു ഈ ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ: പാർലിമെന്റിൽ പറഞ്ഞ കാര്യങ്ങളൊന്നും എന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഞാൻ ഈ അടുത്ത അവസരത്തിൽ ഡൽഹിയിൽ പോയപ്പോൾ ആറു ഔൺസുവീതമെങ്കിലും വിതരണം ചെയ്യുന്നതിനാവശ്യമായ അരി കേരളത്തിനു നൽകണമെന്നു കേന്ദ്രഭക്ഷ്യമന്ത്രിയോടു ആവശ്യപ്പെട്ടപ്പോൾ, അദ്ദേഹം അനുഭാവപൂർവ്വമായി കേൾക്കുകയും, അദ്ദേഹത്തിന്റെ പ്രയാസങ്ങൾ മുമ്പിൽ വയ്ക്കുകയും ചെയ്തു.

ശ്രീ. ജോസഫ് ചാഴിക്കാടൻ: നമ്മുടെ സംസ്ഥാനത്തെ കൃഷിയും അതുപോലെ ഇൻഡ്യയിലെ മറ്റു സംസ്ഥാനങ്ങളിലെ കൃഷിയും അഭിവൃദ്ധിപ്പെട്ടിട്ടുള്ളതുകൊണ്ടും സ്വതന്ത്രമായി അരി കച്ചവടം ചെയ്യുന്നതിനുള്ള സൗകര്യം നമ്മുടെ

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനത്തുള്ളതുകൊണ്ടും അരിവില കുറയാൻ ഇടയുണ്ട്. അതുകൊണ്ട് ഇപ്പോഴെ നമ്മുടെ സംസ്ഥാനത്ത് ഏർപ്പെടുത്തിയിട്ടുള്ള കൺട്രോൾ എടുത്തു കളയുമോ ?

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ: നമ്മുടെ സംസ്ഥാനത്ത് നെല്ല് ഉൽപ്പാദിപ്പിക്കുന്ന നിലങ്ങളുടെ കണക്ക് പരിശോധിച്ചാൽ 87 ശതമാനവും രണ്ടേക്കറിൽ താഴെ മാത്രം നിലമുള്ള കൃഷിക്കാരാണുള്ളതെന്നു് മനസ്സിലാക്കാം. രണ്ടേക്കറിൽ താഴെമാത്രം നിലമുള്ളവരെ ലെവിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. അതിന്റെ ഫലമായി നമ്മുടെ സംസ്ഥാനത്തുള്ള ആളുകൾക്ക് അവരുടെ അടുത്തു താമസിക്കുന്നചെറിയ ചെറിയ കൃഷിക്കാരിൽ നിന്നും നെല്ല് വാങ്ങിക്കുന്നതിനുള്ള സൗകര്യം ലഭിക്കുന്നുണ്ട്. അതുകൊണ്ട് ഗവണ്മെൻറ് ഏർപ്പെടുത്തിയിട്ടുള്ള കൺട്രോൾ എടുത്തു കളയണമെന്നില്ല.

ശ്രീ. പി. ഉണ്ണികൃഷ്ണപിള്ള: അരി കൊണ്ടുള്ള ഭക്ഷണം മാത്രം കഴിക്കുകയുള്ളുവെന്നുള്ള കേരളീയരുടെ സ്വഭാവവിശേഷത്തിൽ അങ്ങ് ഈ വകുപ്പ് ഏറ്റെടുത്തതിനു് ശേഷം എന്തെങ്കിലും മാറ്റം വരുത്തുന്നതിനു് ആലോചിച്ചിട്ടുണ്ടോ ? അതിൽ എന്തെങ്കിലും മാറ്റം വരുത്തുമോ ?

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ: കേരളീയർ മറ്റുപ്രദേശങ്ങളിലുള്ളവരെക്കാളും ഈ സന്ദർഭം പരമാവധി ഉപയോഗിച്ചു് പ്രവർത്തിച്ചവരാണു്. ഇവിടെയുള്ള ജനങ്ങളും എനിക്കു് മുമ്പ് ഇവിടെയിരുന്ന ഭക്ഷ്യമന്ത്രിയുടെ കാലത്തു തന്നെ ഗോതമ്പു തിന്നുന്നതിനു് പരിശീലിച്ചിട്ടുണ്ട്. ഇപ്പോഴും ഇവിടത്തെ ആളുകളും ധാരാളം ഗോതമ്പു് ഉപയോഗിക്കുന്നുണ്ട്.

ശ്രീ. കെ. എം. മാണി: മന്ത്രി ഡൽഹിയിൽ ചെന്നപ്പോഴും പ്രതിദിനം ഓരോരുത്തർക്കും ആറ് ഔൺസ് അരി വീതം വിതരണം ചെയ്യുന്നതിനാവശ്യമായ അരി തരണമെന്നു് കേന്ദ്രഭക്ഷ്യ മന്ത്രിയോടു് ആവശ്യപ്പെട്ടുവെന്നു പറഞ്ഞു. ആറ് ഔൺസു് അരി വീതം വിതരണം ചെയ്താൽ ഈ ഗവണ്മെൻറിന്റെ ചുമതല തീർന്നുവെന്നാണോ വിചാരിക്കുന്നതു് ? ഒരാളിനു് ആരോഗ്യകരമായി ജീവിക്കുന്നതിനു് ഒരു ദിവസം പന്ത്രണ്ടു് ഔൺസു് അരിയെങ്കിലും വേണമെന്നാണു് കണക്കാക്കിയിരിക്കുന്നതു്. അതുകൊണ്ടു് പന്ത്രണ്ടു് ഔൺസ് അരി വീതം വിതരണം ചെയ്യുന്നതിനാവശ്യമായ സത്വരനടപടികളും സ്വീകരിക്കാൻ ഈ ഗവണ്മെൻറു തയ്യാറാകുമോ ?

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ: ന്യായമായിട്ടു് നോക്കുകയാണെങ്കിൽ നമുക്കു് പന്ത്രണ്ടു് ഔൺസു് വീതം വിതരണം ചെയ്യുന്നതിനാവശ്യമായ അരി കേന്ദ്രത്തിൽ നിന്നും അലോട്ട ചെയ്യേണ്ടതാണു്. പക്ഷെ അതു് കിട്ടാത്ത സ്ഥിതിക്കു് ഇപ്പോഴും കേന്ദ്രഗവണ്മെൻറു വിതരണം ചെയ്യുന്നതിനുവേണ്ടി അംഗികരിച്ചിട്ടുള്ള ആറു് ഔൺസു് വീതമെങ്കിലും വിതരണം ചെയ്യുന്നതിനാവശ്യമായ അരിയെങ്കിലും കൃത്യമായി തരണമെന്നായിരുന്നു ഞങ്ങളുടെ അഭ്യർത്ഥന.

ശ്രീ. എസ്. ദാമോദരൻ: ഉപയോഗിക്കാൻ കൊള്ളരുതാത്ത അരി വിതരണം ചെയ്യരുതെന്നു് കർശനമായ നിർദ്ദേശം കൊടുത്തിരിക്കുന്നുവെന്നും, അങ്ങനെയുള്ള അരി തടങ്കലിൽ വെച്ചിരിക്കുകയാണെന്നും ബഹുമാനപ്പെട്ട മന്ത്രി പറയുകയുണ്ടായി. അതിനു് വിപരീതമായി ചില താലൂക്കുകളിലും ജില്ലകളിലും ഉപയോഗിക്കുവാൻ വയ്യാത്ത അരി വിതരണം ചെയ്തിട്ടുണ്ട്. അതിനുള്ള കാരണമെന്താണെന്നന്വേഷിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ: ആ അരി വിതരണം ചെയ്യരുതെന്നു് നിരോധിച്ചതിനുശേഷം വിതരണം ചെയ്തിട്ടില്ലെന്നാണു് ഗവണ്മെൻറു മനസ്സിലാക്കുന്നതു്. എന്നാൽ ഇന്നലെ പെട്ടെന്നു് ഒന്നരണ്ടു കടകളിൽ ഈ അരി പ്രത്യക്ഷപ്പെട്ടതായി കണ്ടു. അതിനെതിരായിട്ടുള്ള നടപടികളും എടുക്കുകയും ചെയ്തിട്ടുണ്ടു്.

ശ്രീ. കെ. കരുണാകരൻ; സെപ്തംബർ അവസാനത്തിൽ ഗവണ്മെൻറിന്റെ പക്കലുള്ള സ്റ്റോക്കു്പൊസിഷൻ എത്രയാണെന്നു പറയാമോ ?

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ: അതിനെ സംബന്ധിച്ചുള്ള കണക്കുകളും ഇപ്പോൾ കൈവശമില്ല.

ശ്രീ. എൻ. കെ. ശേഷൻ: ഇപ്പോൾ വിതരണം ചെയ്തു കൊണ്ടിരിക്കുന്ന തോതിൽ ഒക്ടോബർ 18–ാം തീയതിവരെ വിതരണം ചെയ്യുന്നതിനുള്ള ഉത്തരവു കൊടുത്തിട്ടുണ്ടെന്നു് പറയുകയുണ്ടായി. അതിനുശേഷം ഈ തോതു് നിലനിറുത്താൻ കേന്ദ്രത്തിൽനിന്നും സപ്ലൈ ചെയ്യുന്നതുകൊണ്ടു് പോരാതെവരുമെന്നാണു് പറയുന്നതു്. എന്നാൽ ഈ സ്റ്റേറ്റിൽനിന്നും പ്രൊക്യൂവർ ചെയ്യുന്നെല്ലിനു കൊടുക്കുന്ന റേറു വളരെ കുറവായതുകൊണ്ടു് ഇന്നുള്ള പ്രൊക്യൂവർമെൻറു് വളരെ വളരെ മോശമാണു്. അതിലൊരു മാറ്റം വരുത്തുന്നതിനു് ഇപ്പോഴുള്ള റേറു് കൂട്ടികൊടുക്കുന്നതിനുള്ള നടപടികളും സ്വീകരിക്കുമോ ?

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ : ഇപ്പോൾ നമ്മുടെ സ്റ്റേറ്റിൽ കൊടുക്കുന്ന റേറു് ഇൻഡ്യയിലെ മറ്റു സംസ്ഥാനങ്ങളിൽ കൊടുക്കുന്നതിനേക്കാളും കൂടുതലാണു്. ഇപ്പോൾ കൊടുക്കുന്നതിൽതന്നെ എട്ടു രൂപ കുറയ്ക്കണമെന്നാണു് ഇൻഡ്യാ ഗവണ്മെൻറിന്റെ നിർദ്ദേശം. മൈസൂരും കേരളവുമെല്ലാംതന്നെ ഇപ്പോൾ കൊടുക്കുന്ന റേറിൽ കുറവു വരുത്തരുതെന്നു് കഠിനമായി ആവശ്യപ്പെട്ടതിന്റെ ഫലമായിട്ടു് ഇപ്പോൾ കൊടുക്കുന്ന റേറുതന്നെ കൊടുക്കാൻ അനുവദിച്ചിരിക്കുകയാണു്.

ശ്രീ. என். கணபதி : ஸர், கடந்த ஒரு வருஷகாலமாக பிளாண்டேஷன் தொழிலாளிகளுக்கு பச்சரிசி விதரணம் செய்து வருவதும் புழுங்கல் அரிசி விதரணம் செய்யாததைப் பற்றி நான் பல தடவைகள் எடுத்துக் கூறியும் அதைப் பற்றி சிரத்தை காட்டாமல் இருப்பதற்கு காரணங்கள் என்ன என்று கூறலாமா ?

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ : പച്ചരിയും നല്ല അരിതന്നെയാണു്. എന്നാൽ പുഴുക്കലരിയുടെ പ്രത്യേക സ്വാദു് ഇഷ്ടപ്പെട്ടിട്ടുള്ളവർക്കു് പച്ചരിയുടെ സ്വാദു് ഇഷ്ടപ്പെടുകയില്ല. രണ്ടു മാസത്തിനു മുമ്പു് കേരളത്തിലെ എല്ലാ ജില്ലകളിലും പുഴുക്കലരി വിതരണം ചെയ്തിട്ടുണ്ടു്.

ശ്രീ. ഇ. ജോൺജേക്കബ് : രണ്ടേക്കറിൽ താഴെ നിലമുള്ള കൃഷിക്കാരെ ലെവിയിൽനിന്നും ഒഴിവാക്കിയിട്ടുള്ളതുകൊണ്ടു് ഈ രാജ്യത്തെ സാധാരണ ജനങ്ങൾക്കു് ഗവണ്മെൻറിൽനിന്നും കൊടുക്കുന്ന റേഷൻ കൂടാതെ വേറെയും അരി കിട്ടാൻ സാദ്ധ്യതയുണ്ടെന്നു് മനസ്സിലാക്കിയ സ്ഥിതിക്കു്, അഞ്ചേക്കറിൽ താഴെ നിലമുള്ള കൃഷിക്കാരെ ലെവിയിൽനിന്നും ഒഴിവാക്കുന്നതിനും ഇപ്പോൾ നിലവിലുള്ള ചെക്കു്പോസ്റ്റുകൾ മാറ്റുന്നതിനും ആവശ്യമായ നടപടികളും സ്വീകരിക്കുമോ ?

Deputy Speaker: That question does not arise.

LIBRARY ARCHIVES Kerala Legislative Assembly